മുദ്രകൾ

# ഡാവോസിൽ സംഭവിച്ചത്

**ഷിമോൺ പെരസ്:** (ഉർദുഗാനെ ചൂണ്ടി) എനിക്ക് പ്രധാനമന്ത്രിയോട് അങ്ങേയറ്റത്തെ ആദരവുണ്ട്. പക്ഷേ, ഇവർ ഉള്ളത് ഉള്ളതുപോലെ കാണണം. ആദ്യം ജനാധിപത്യത്തിന്റെ കാര്യം തന്നെ എടുക്കാം. ഫലസ്ത്വീനികൾ തെരഞ്ഞെടുത്തത് ആരെയാണ്? ഹമാസിനെയല്ല, മിസ്റ്റർ അബ്ബാസിനെയാണ്. 62 ശതമാനം ഫലസ്ത്വീനികൾ അദ്ദേഹത്തിന് വോട്ട് ചെയ്തു. ഹമാസ് തെരഞ്ഞെടുപ്പുകളിൽ പങ്കെടുത്തു. പക്ഷേ, ജനാധിപത്യത്തെക്കുറിച്ച് പ്രത്യേക കാഴ്ചപ്പാടാണ് അവർക്ക്.... തെരഞ്ഞെടുപ്പുകളിലൂടെ കടന്നു പോവുക, എന്നിട്ട് വെടിവെക്കാനും കൊല്ലാനും ഭീഷണിപ്പെടുത്താനും തുടങ്ങുക. (വീണ്ടും ഉർദുഗാനു നേരെ തിരിഞ്ഞ്) ജനാധിപത്യം എന്നാൽ ഒരു തെരഞ്ഞെടുപ്പു കാര്യമല്ല, അതൊരു നാഗരികതയാണ്.



*ഉർദുഗാൻ, പെരസ്*

(ശബ്ദമുയർത്തി) ഞങ്ങളല്ല വെടി തുടങ്ങിയത്. ഞങ്ങൾ ഫലസ്ത്വീനികളോട് പല തവണ പറഞ്ഞതാണ്: വെടിവെക്കരുത്. പക്ഷേ, അവരത് ലംഘിച്ചു. എന്താണിതിന്റെ അർഥം? നൂറുകണക്കിന് റോക്കറ്റുകളാണ് ഓരോ ദിവസവും വന്നു വീഴുന്നത്. ഒരു മില്യൻ മനുഷ്യർക്കാണ് അഭയം തേടി ഓടേണ്ടി വന്നത്. (19-ാം മിനുട്ടിൽ ഇഗ്നേഷ്യസ് സമയമായെന്ന് മുന്നറിയിപ്പ് നൽകുന്നു)

ഞങ്ങളുടെ ലക്ഷ്യം സമാധാനമാണ്; യുദ്ധമല്ല.

(സദസ്സിൽനിന്ന് കൈയടി)

ഉർദുഗാൻ: (എണീറ്റ്)ക്ഷമിക്കണം

ഇഗ്നേഷ്യസ്: മിസ്റ്റർ ഉർദുഗാൻ....

ഉർദുഗാൻ: (ഇഗ്നേഷ്യസിന്റെ തോളിൽ കൈയമർത്തി) ഒരു മിനുട്ട് അനുവദിച്ചേ പറ്റൂ. വേറെ വഴിയില്ല.

ഇഗ്നേഷ്യസ്: ഒരു മിനുട്ട് മാത്രം.

ഉർദുഗാൻ: മിസ്റ്റർ പെരസ്, എന്നെക്കാൾ പ്രായമുണ്ട് നിങ്ങൾക്ക്. പക്ഷേ, നിങ്ങളുടെ ശബ്ദം വല്ലാതെ കൂടിപ്പോകുന്നു. കുറ്റബോധത്തിന്റെ മനശ്ശാസ്ത്രമാണിത് എന്നെനിക്കറിയാം. എന്റെ ശബ്ദം അത്ര ഉച്ചത്തിലാവില്ല. കൊല്ലേണ്ട സമയമാകുമ്പോൾ എങ്ങനെയാണ് കൊല്ലേണ്ടത് എന്ന് നിങ്ങൾക്ക് നന്നായിട്ടറിയാം. നിങ്ങൾ കടൽത്തീരങ്ങളിൽ കുഞ്ഞുങ്ങളെ എങ്ങനെയാണ് കൊല്ലുന്നതെന്ന് എനിക്കറിയാം. ടാങ്കുകളുമായി ഫലസ്ത്വീനിലേക്ക് കടക്കുമ്പോഴാണ് തങ്ങൾ ഏറ്റവുമധികം സന്തോഷിക്കുക എന്ന് പറഞ്ഞ രണ്ട് പ്രധാനമന്ത്രിമാർ ഉണ്ടായിരുന്നു നിങ്ങളുടെ രാജ്യത്ത്. ഈ ക്രൂരതക്ക് ഇവിടെയിരുന്ന് കൈയടിച്ചവരെ ഞാൻ അപലപിക്കുന്നു. കാരണം കുട്ടികളെ കൊല്ലുന്നവർക്ക് വേണ്ടി കൈയടിക്കുന്നത് മനുഷ്യത്വത്തിനെതിരെയുള്ള കുറ്റകൃത്യമാണ്... ഞാൻ പലതും നോട്ട് ചെയ്ത് വെച്ചിട്ടുണ്ടായിരുന്നു.

ഇഗ്നേഷ്യസ്: നമുക്ക് ചർച്ച പുനരാരംഭിക്കാൻ നിർവാഹമില്ല (പരസ്പരം കൈകൊണ്ട് തള്ളുന്നു)

ഉർദുഗാൻ: എന്നെ തടസ്സപ്പെടുത്തരുത്... 'കൊള്ളക്കാരുടെ രാഷ്ട്രം' എന്ന പേര് സമ്പാദിച്ചിരിക്കുന്നു ഇസ്രയേൽ.

ഇഗ്നേഷ്യസ്: ആളുകൾക്ക് ഭക്ഷണത്തിന് പോകേണ്ട സമയമായി... മൈക്ക് സംഘാടകർക്ക് കൈമാറൂ.

ഉർദുഗാൻ(ഇഗ്നേഷ്യസിനോട്): വളരെ നന്ദിയുണ്ട്. ഇന്നു മുതൽ എന്നെ സംബന്ധിച്ചേടത്തോളം ഡാവോസ് ഇല്ല. ഞാനൊരിക്കലും ഇനി ഡാവോസിൽ വരില്ല. താങ്കൾ എന്നെ സംസാരിക്കാൻ അനുവദിച്ചില്ല. താങ്കൾ പെരസിന് 25 മിനുട്ട് അനുവദിച്ചു. എനിക്ക് 12 മിനുറ്റും (ഉർദുഗാൻ എഴുന്നേറ്റ് തന്റെ സാധന സാമഗ്രികൾ കൈയിലെടുത്ത് സ്റ്റേജിൽ നിന്ന് ഇറങ്ങിപ്പോകുന്നു).

ഇസ്രയേൽ പ്രസിഡന്റ് ഷിമോൺ പെരസും തുർക്കി പ്രധാനമന്ത്രി ഉർദുഗാനും 2009 ഫെബ്രുവരി 5-ന് ഡാവോസിൽവെച്ചുണ്ടായ ചൂടേറിയ വാഗ്വാദമാണ് മുകളിൽ കൊടുത്തത്. ■



■

എസ്.ഐ.ഒ കേരള സോൺ നടത്തിയ ഗസ്സ കളക്ഷൻ തുക ഡോ. അബ്ദുസ്സലാം വാണിയമ്പലം ഡോ. യൂസുഫുൽ ഖറദാവിക്ക് കൈമാറുന്നു

■

## ഖലീൽ ഖാസിമിയുടെ മരണത്തിൽ അനുശോചനം

പ്രമുഖ ചിന്തകനും മർകസി ജംഇയ്യത്തുൽ ഉലമയുടെ ജനറൽ സെക്രട്ടറിയുമായ മൗലാനാ ഖലീൽ അഹ്മദ് ഖാസിമിയുടെ നിര്യാണത്തിൽ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ മൗലാനാ ജലാലുദ്ദീൻ അൻസ്വർ ഉമരി അനുശോചനം രേഖപ്പെടുത്തി. സേവന പ്രവർത്തനങ്ങളിലൂടെ എല്ലാ വിഭാഗം ജനങ്ങളുടെയും ആദരവ് നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നതായി അമീർ പറഞ്ഞു. ബാബരി മസ്ജിദ് തകർക്കപ്പെട്ടതിനെ തുടർന്ന് കേന്ദ്ര സർക്കാർ ജമാഅത്തെ ഇസ്‌ലാമിയെ അന്യായമായി നിരോധിച്ചപ്പോൾ അതിനെതിരെ മൗലാനാ ഖാസിമി സുപ്രീംകോടതിയെ സമീപിച്ചത് അമീർ പ്രത്യേകം അനുസ്മരിച്ചു.


1952-ൽ യു.പിയിലാണ് ഖലീൽ ഖാസിമിയുടെ ജനനം. ദയൂബന്ദ് ദാറുൽ ഉലൂമിലായിരുന്നു പഠനം. അദ്ദേഹം കുറച്ചു കാലം ജംഇയ്യത്തു ഉലമായെ ഹിന്ദിന്റെ പ്രസിഡന്റ് വരെ ആയിട്ടുണ്ട്. അഭിപ്രായഭിന്നതയെ തുടർന്ന് അദ്ദേഹം ജംഇയ്യത്തിൽനിന്ന് രാജിവെക്കുകയും മർകസി ജംഇയ്യത്തെ ഉലമാ എന്ന പുതിയ സംഘടനക്ക് രൂപംനൽകുകയുമാണുണ്ടായത്. അലിഗഢിലെ ഉർദു ഫാക്കൽറ്റിയുടെ തലവൻ, അലിഗഢ് കോർട്ടിലെ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2009 ഫെബ്രുവരി 10-നായിരുന്നു മരണം. ■



■

മുദ്രകൾ

# റോഡ്നി വിൽസണും ഇസ്‌ലാമിക സമ്പദ്ശാസ്ത്രവും


റോഡ്നി

**റോഡ്നി** വിൽസനെ പരിചയമുള്ളവർ കുറയും. വിക്കിപീഡിയയിൽ സെർച്ച് ചെയ്തപ്പോൾ അങ്ങനെയൊരാൾ ഇല്ല. പക്ഷേ ഇസ്‌ലാമിക സമ്പദ്ശാസ്ത്രം ലോകവ്യാപകമായി ചർച്ചചെയ്യപ്പെടാൻ സാഹചര്യമൊരുക്കിയവരുടെ മുൻനിരയിൽ ഈ പരിചയ സമ്പന്നനായ സാമ്പത്തിക ശാസ്ത്രജ്ഞനും പെടും. ഇസ്‌ലാമിക സമ്പദ്ശാസ്ത്രവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടതാണ് അദ്ദേഹത്തിന്റെ പഠന മേഖലകളത്രയും. ഇസ്‌ലാമിക് ഫൈനാൻസ്, മധ്യപൗരസ്ത്യ സമ്പദ്ഘടനയുടെ രാഷ്ട്രീയം, എണ്ണയുടെയും പ്രകൃതി വാതകത്തിന്റെയും രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളിൽ നിരവധി പുസ്തകങ്ങളും പ്രബന്ധങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

ഇംഗ്ലണ്ടിലെ ഡർഹാം യൂനിവേഴ്സിറ്റിയിൽ അന്താരാഷ്ട്ര പഠനത്തിലെ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ ചുമതല വഹിക്കുകയാണ് റോഡ്നി വിൽസൺ ഇപ്പോൾ. അദ്ദേഹം ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്കിൽ ജോലിയെടുത്തിരുന്നു. ഡർഹാം ഇസ്‌ലാമിക് ഫൈനാൻസ് എന്ന പേരിൽ ഒരു സംരംഭവും അദ്ദേഹം നടത്തിവരുന്നുണ്ട്. സുഖൂഖ് ബോണ്ടുകൾ, ശരീഅത്ത് കേന്ദ്രീകൃതമായ അസറ്റ് മാനേജ്മെന്റ്, തകാഫുൽ തുടങ്ങിയ വിഷയങ്ങളിൽ സ്ഥിരമായി പ്രഭാഷണങ്ങൾ നടത്തിവരുന്നു.

അദ്ദേഹവും അഹ്മദ് ശാകിറും ചേർന്ന് രചിച്ച *ഇസ്‌ലാമിക് ഇകണോമിക്സ്; എ ഷോർട്ട് ഹിസ്റ്ററി*യാണ് പ്രധാന രചന. മുഹമ്മദ് നബിയുടെ ആഗമനം മുതൽ ഉമവി, അബ്ബാസി, ഉസ്മാനി, സ്വഫവി, മുഗള ഭരണകൂടങ്ങളിലൂടെ കടന്ന് ഇപ്പോൾ ഇസ്‌ലാമിക് ഫൈനാൻസ് എവിടെ എത്തിനിൽക്കുന്നു എന്നാണ് ഇതിൽ അന്വേഷിക്കുന്നത്. സമകാലിക ഇസ്‌ലാമിക് ബാങ്കിംഗ് സംരംഭങ്ങളെ വിശദമായി ഇതിൽ പരിചയപ്പെടുത്തുന്നുണ്ട്. *പൊളിറ്റിക്സ് ഓഫ് ഇസ്‌ലാമിക് ഫൈനാൻസ്* എന്ന കൃതിയുടെ എഡിറ്റർമാരിൽ ഒരാളുമാണ് റോഡ്നി. 'ആഗോള മാന്ദ്യകാലത്ത് എന്തുകൊണ്ട് ഇസ്‌ലാമിക ബാങ്കുകൾ വിജയിക്കുന്നു' എന്ന തലക്കെട്ടിൽ ഇസ്‌ലാം ഓൺലൈൻ നെറ്റിൽ അദ്ദേഹം ഒരു ലേഖനം എഴുതിയിട്ടുണ്ട്. ■

## റാഞ്ചിയിൽ പൊതുജനാരോഗ്യ ശിൽപശാല

**റാഞ്ചി:** ജാർഖണ്ഡ് തലസ്ഥാനമായ റാഞ്ചിയിൽ പൊതുജനാരോഗ്യത്തെക്കുറിച്ച് ദ്വിദിന ശിൽപശാല. യുനൈറ്റഡ് മില്ലി ഫോറം ആണ് ശിൽപശാല സംഘടിപ്പിച്ചത്. ഇതര പൗരാവകാശ സംഘടനകളുടെയും ആക്ടിവിസ്റ്റുകളുടെയും സജീവ സഹകരണം പരിപാടിയെ ശ്രദ്ധേയമാക്കി. ആരോഗ്യത്തിന്റെ രാഷ്ട്രീയമാണ് പ്രധാനമായും ചർച്ചാ വിഷയമായത്. സംസ്ഥാനത്തെ പൊതുജനാരോഗ്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും രാഷ്ട്രീയ ഇടപെടലുകൾക്ക് പരിശീലനം നൽകുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ശിൽപശാല സംഘടിപ്പിച്ചത്. ഡോ. ഷമീം ഹൈദർ, വി. ശ്രീനിവാസൻ, ഡോ. സുരൻജൻ, ഡോ. പ്രബീർ ചാറ്റർജി, അർഷദ് അജ്മൽ, സത്യശിവരാമൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

നഗരത്തിലെ ചേരിപ്രദേശമായ ഇസ്‌ലാംപൂരിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സംസ്ഥാനത്ത് ഇരുമ്പ് ഖനികൾ ഉയർത്തുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പായി വിവിധ രാഷ്ട്രീയ പാർട്ടികൾക്ക് സമർപ്പിക്കുന്നതിനായി ഒരു പത്തിന ആരോഗ്യ മാനിഫെസ്റ്റോ ശിൽപശാല അംഗീകരിച്ചു. ആരോഗ്യത്തിനുള്ള അവകാശം മൗലികാവകാശമാക്കുക, ആരോഗ്യമേഖലയിലെ സ്വകാര്യവത്കരണം അവസാനിപ്പിക്കുക, ആരോഗ്യമേഖലക്കുള്ള ബജറ്റ് വിഹിതം 2012ൽ 5 ശതമാനവും 2015ൽ 10 ശതമാനവും ആയി ഉയർത്തുക, എല്ലാ ഇന്ത്യൻ പൗരന്മാർക്കും പ്രതിദിനം 2000 കലോറി സമീകൃതാഹാരം ഉറപ്പുവരുത്തുക, ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും പ്രതിദിന സാമ്പത്തിക സഹായം നൽകുക, രോഗാതുരർക്ക് പലിശ രഹിത വായ്പകൾ അനുവദിക്കുക, നാഷ്നൽ ഡ്രഗ് പോളിസി നടപ്പാക്കുക, പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുക തുടങ്ങിയ ആവശ്യങ്ങളാണ് മാനിഫെസ്റ്റോയിൽ ഉന്നയിച്ചത്.

ജാർഖണ്ഡിനു പുറമെ പശ്ചിമബംഗാൾ, ബീഹാർ എന്നിവിടങ്ങളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു. കേരളത്തിൽനിന്ന് എത്തിക്കൽ മെഡിക്കൽ ഫോറത്തെയും സോളിഡാരിറ്റിയെയും പ്രതിനിധീകരിച്ച് ഡോ. സൈജു ഹമീദ്, എം. സാജിദ് എന്നിവർ പങ്കെടുത്തു. നൂറിലേറെ പ്രതിനിധികളുണ്ടായിരുന്നു ശിൽപശാലയിൽ. ജമാഅത്തെ ഇസ്‌ലാമി ജാർഖണ്ഡ് ഘടകത്തിന്റെ ആഭിമുഖ്യത്തിൽ രൂപീകൃതമായ രാഷ്ട്രീയ പൊതുവേദിയാണ് യുനൈറ്റഡ് മില്ലി ഫോറം. വിവിധ സാമൂഹിക രാഷ്ട്രീയ വിഷയങ്ങളിൽ ശ്രദ്ധേയമായ ഇടപെടലുകളാണ് കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഫോറം നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ മാസം നടത്തിയ 'ഇൻസാഫ്- മുഹബ്ബത്ത് കാരവൻ' ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ജമാഅത്തെ ഇസ്‌ലാമി ജാർഖണ്ഡ് അമീറും ഫോറം കൺവീനറുമായ ഡോ. ഹസൻ റസ പരിപാടികൾക്ക് നേതൃത്വം നൽകി. ■



## അയ്മൻ നൂർ മോചിതനായി

**ഈജിപ്ഷ്യൻ** പ്രസിഡന്റ് ഹുസ്നി മുബാറകിനെതിരെ മത്സരിച്ചു എന്ന ഏക 'കുറ്റ'ത്തിന് 2005 മുതൽ തടവറയിൽ നരകിക്കുകയായിരുന്ന അയ്മൻ നൂറിനെ വിട്ടയച്ചു. ഹൃദ്രോഗവും പ്രമേഹവും മൂർഛിച്ചതുകൊണ്ടാണ് വിട്ടയച്ചത് എന്നാണ് ഔദ്യോഗിക വിശദീകരണം. പക്ഷേ ഗവൺമെന്റുതന്നെ പുറത്തുവിട്ട പത്രക്കുറിപ്പിൽ രോഗം ഗുരുതരമല്ലെന്നും ജയിലിൽവെച്ചുതന്നെ ചികിത്സിക്കാവുന്നതേ ഉള്ളൂ എന്നും വ്യക്തമാക്കിയിരുന്നു.

പുതിയ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ സമ്മർദമാണ് ഈ തീരുമാനത്തിനു പിന്നിലെന്ന് കരുതപ്പെടുന്നു. അയ്മൻ നൂറിന്റെ പ്രശ്നം ഉയർത്തിക്കാട്ടി നേരത്തെ അമേരിക്കൻ കോൺഗ്രസ് ഈജിപ്തിനുള്ള നൂറ് മില്യൻ ഡോളർ സഹായം നിർത്തിവെച്ചിരുന്നു. ■